(സി) 3750 പേർക്ക് പ്രത്യക്ഷമായും 5000 പേർക്ക് പരോക്ഷമായും തൊഴിൽ കിട്ടും.

(ഡി) അതെ

(ഇ) 1.63 കോടി രൂപ.

തൃശൂർ ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരം

119 [2736] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകരെ സംബന്ധിച്ച് തൃശൂർ ജില്ലയിൽ നിന്നുള്ള നാശനഷ്ടങ്ങളുടെ കണക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നഷ്ടം കണക്കാക്കി കൃഷിക്കാർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തൃശൂർ ജില്ലയിൽ കഴിഞ്ഞ വർഷത്തെ വരൾച്ചമൂലം 3040 ഹെക്ടർ പ്രദേശത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വാഴ, കുരുമുളക്, നെല്ല്, പച്ചക്കറി എന്നീ വിളകൾക്ക് 50%-ത്തിലധികം വിളനാശം സംഭവിച്ചിട്ടുണ്ട്. 649.44 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഇതുമൂലം ഉണ്ടായത്. 50% താഴെ വിളനാശം സംഭവിച്ച കുലച്ച വാഴ, കുലയ്ക്കാത്ത വാഴ എന്നിവയ്ക്ക് 82.4 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായി. അങ്ങിനെ ആകെ 731.84 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി.

(സി & ഡി) ഉണ്ട്. വരൾച്ചമൂലം തൃശൂർ ജില്ലയിൽ ഉണ്ടായ കൃഷി നാശത്തിന് നഷ്ടപരിഹാരമായി 288.38 ലക്ഷം രൂപ, 16041 കാർഷകർക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ 282.69 ലക്ഷം രൂപ ഇതിനോടകം 16001 കർഷകർക്കായി വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുകയുടെ വിതരണം നടന്നുവരുന്നു. നഷ്ടപരിഹാര തുക കൂടാതെ വീണ്ടും വിളയിറക്കുന്നതിന് 17.75 ലക്ഷം രൂപയുടെ വിത്തും 32.76 ലക്ഷം രൂപയുടെ കുമ്മായവും വിതരണം ചെയ്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly